"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ വയനാട് ജില്ല ഏച്ചോം ഗവ.ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 ശ്രീമതി ധന്യ കെ.സി. ക്ക് ബി.എ.എം.എസ്. പഠനത്തിനായി ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.102/2026/AYUSH തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:-
1. ശ്രീമതി ധന്യ കെ.സി. സർപ്പിച്ച 01.04.2025 ലെ ശൂന്യവേതനാവധി അപേക്ഷ.
2. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 13.05.2025, 14.11.2025 തീയതികളിലെ DISM/183/2025-E2 നം.കത്തുകൾ.

**<u>ഉത്തരവ്</u>**

ഭാരതീയ ചികിത്സാ വകുപ്പിൽ വയനാട് ജില്ല ഏച്ചോം ഗവ.ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 ശ്രീമതി ധന്യ കെ.സി. ബി.എ.എം.എസ്. പഠനത്തിന്റെ ഭാഗമായുള്ള ഇന്റേൺഷിപ്പ് ചെയ്യുന്നതിനായി 16.01.2025 മുതൽ 15.07.2030 വരെ ശൂന്യവേതനാവധി അനുവദിച്ചു നൽകുന്നതിന് പരാമാർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ പരിഗണിച്ച് ശൂന്യവേതനാവധി അനുവദിക്കണമെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ല ഏച്ചോം ഗവ.ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 ശ്രീമതി ധന്യ കെ.സി. പരാമർശം (1) പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ, കോഴ്സ് സർട്ടിഫിക്കറ്റിന്റേയും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) പ്രകാരമുള്ള ശിപാർശയുടേയും അടിസ്ഥാനത്തിൽ പരിഗണിച്ച്,

കെ.എസ്.ആർ., ഭാഗം I, അനുബന്ധം XII-B യിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായും കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B ചട്ടം (iv)-ൽ (**ഈ അവധി മൊത്തം സർവ്വീസിനിടയിൽ പരമാവധി 5 വർഷം മാത്രമേ അനുവദിക്കാനാവൂ' എന്ന വ്യവസ്ഥ**) ഇളവ് വരുത്തിയും ടിയാൾക്ക് ബി.എ.എം.എസ്. പഠനാവശ്യത്തിലേക്കായി 16/01/2025 മുതൽ 15/07/2030 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി ധന്യ കെ.സി., ഫാർമസിസ്റ്റ് ഗ്രേഡ്-2, ഗവ.ആയുർവേദ ഡിസ്പെൻസറി, ഏച്ചോം, വയനാട് ജില്ല. (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/152/2025-AYUSH)

ഉത്തരവിൻ പ്രകാരം

Signed by

Baiju G

Date: 23-02-2026 16:22:00

സെക്ഷൻ ഓഫീസർ